# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2935

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.<br>1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്).<br>2) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ).<br>3) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ).<br>4) സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ലിയു.എം.പി)<br>5) സമ്പൂർണ്ണ ശുചിത്വ പരിപാടി/ നിർമ്മൽ ഭാരത് അഭിയാൻ<br>6) പിന്നോക്ക പ്രദേശ ധനസഹായ നിധി (ബി.ആർ.ജി.എഫ്). |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റംവരുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | **ചില പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (സി) | എങ്കിൽ അവ ഏതെല്ലാം പദ്ധതികളിലാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | ചില മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും, ടെൻഡർ പ്രീമിയവും കേന്ദ്രസർക്കാർ വഹിക്കണം എന്നുള്ള നിർദ്ദേശം ഒഴികെ മറ്റ് ഇളവുകൾ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (എഫ്) | ഇപ്രകാരം മാറ്റം വരുത്തിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണോ ഇപ്പോൾ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ? | (എഫ്) | പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പി.എം.ജി.എസ്.വൈ പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ

അനുബന്ധം.

1) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(എം.ജി.എൻ.ആർ.ഇ.ജി.എസ്)

സംസ്ഥാനത്തിന്റെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്കിണങ്ങുന്നതും ഉല്പാദന മേഖലയ്ക്ക് കൂടുതൽ ഉണർവ്വേകുന്നതും പാവപ്പെട്ടവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുതകുന്നതുമായ ചില പ്രവൃത്തിയിനങ്ങൾകൂടി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തേണ്ടതാണെന്നും പദ്ധതിയിലെ കൂലി നിരക്ക് സംസ്ഥാനത്ത് നിലവിലുള്ള കുറഞ്ഞ കർഷക തൊഴിലാളികളുടെ വേതനത്തിന് തുല്യമാക്കണമെന്നുമുള്ള ആവശ്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ ചുവടെ പറയുന്ന കാര്യങ്ങൾ അനുകൂല തീരുമാനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രതിദിന വേതനം 200/- രൂപയാക്കുക.
2. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ലെ അനുവദനീയമായ പ്രവൃത്തിയിനങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുത്തുക.

    i) എസ്.സി./എസ്.റ്റി, ബി.പി.എൽ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
    ii) പാവപ്പെട്ടവരുടെ സ്വയംസഹായ സംഘങ്ങൾ പാട്ടത്തിന് എടുത്ത ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ.
    iii) ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളിലെ തോട്ടവിള കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
    iv) 10 ഹെക്ടറോ അതിനു താഴെയുള്ള ചെറുകിട തോട്ടങ്ങളിലെ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ.
    v) ക്ഷീര കർഷകർ, കയർ/കൈത്തറി/ മറ്റ് പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ.
    vi) തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ.
    vii) വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ.

2) പി.എം.ജി.എസ്.വൈ. പദ്ധതി

- ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവ് അനുവദിക്കുക.
- കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തുക.
- റോഡിന്റെ ഗ്രേഡിയന്റിന് ഇളവ് അനുവദിക്കുക.
- പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്ര സർക്കാർ വഹിക്കുക.
- മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സംസ്ഥാനത്തിന് പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകുക.

3) <u>ഇന്ദിരാ ആവാസ് യോജന</u>

ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ വിവിധ വിഭാഗങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യം പട്ടിക ജാതി വിഭാഗത്തിന് 30.96%, പട്ടിക വർഗ്ഗ വിഭാഗത്തിന് 15.81%, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 47.20% എന്നിങ്ങനെയാണ്. എന്നാൽ കേരളത്തിലെ ഗ്രാമീണ ജനസംഖ്യയിൽ 1.4% മാത്രമുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്ന് 15% വീടുകൾക്ക് ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ലക്ഷ്യം 7% ൽ നിലനിർത്തി ബാക്കി കൂടി പട്ടിക ജാതി വിഭാഗത്തിന് കൂട്ടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ മാനദണ്ഡമനുസരിച്ച് മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽ പെടാത്ത പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വിഭാഗങ്ങൾക്ക് കേവലം 6% വീടുകൾ മാത്രമേ ലഭിക്കുന്നുള്ളു. ഇക്കാര്യത്തിൽ മാറ്റം ആവശ്യമാണ്.